# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 30.01.2018-ൽ |
| ചോദ്യം നമ്പർ - 1119 | മറുപടിയ്ക്ക് |

## എസ്.എൻ ജംഗ്ഷൻ മുതൽ പൂത്തോട്ട വരെയുള്ള റോഡിന്റെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ എസ്.എൻ ജംഗ്ഷൻ മുതൽ & പൂത്തോട്ട വരെയുള്ള റോഡിന്റെ വികസനത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;<br>(ബി) ഈ റോഡിന്റെ വികസനത്തിനായുള്ള അലൈൻമെന്റ് തീരുമാനമാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ; | (എ) (ബി) ഈ പദ്ധതിയുടെ അലൈൻമെന്റിന് 25.01.2018-ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) റോഡിന്റെ വികസനത്തിനായി നേരത്തെ ഏതെങ്കിലും ഏജൻസി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കാമോ; | (സി) പ്രസ്തുത റോഡ് വികസനത്തിന്റെ രൂപരേഖയും, ഡി.പി.ആറും തയ്യാറാക്കുന്നതിന് 06.02.2014-ലെ സ.ഉ. (സാധാ) നം. 183/14/പൊ.മ.വ പ്രകാരം കിറ്റ്കോ ലിമിറ്റഡിനെ ഏൽപ്പിക്കുകയും, തുടർന്ന് ഏപ്രിൽ 2014-ൽ പ്രവൃത്തി പൂർത്തീകരിച്ച് അലൈൻമെന്റും, ഡി.പി.ആറും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഇത്തരത്തിൽ ഒരു റിപ്പോർട്ട് ഉണ്ടായിട്ടും ഈ പദ്ധതിയുടെ റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയിൽ എത്തിക്കുന്നതിൽ വന്ന കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) കിറ്റ്കോ 2014-ൽ അന്നത്തെ SoR പ്രകാരം സമർപ്പിച്ച ഡി.പി.ആർ. പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് CTE നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പരിഷ്കരിച്ചതിനു ശേഷമാണ് അലൈൻമെന്റിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. |

| | |
|---|---|
| (ഇ) ഈ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കേണ്ടത് വകുപ്പ് തീരുമാനിക്കുന്ന ഏജൻസിയാണെന്നിരിക്കെ പ്രസ്തുത പദ്ധതി കിഫ്ബിയുടെ മുമ്പാകെ സമർപ്പിക്കുന്നത് വൈകിപ്പിക്കുന്ന പ്രവണത ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഇ) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) ഈ പദ്ധതിയിൽ കാലതാമസം ഉണ്ടായതിന്റെ കാരണം എന്തെന്ന് പരിശോധിച്ച് വിവരം അറിയിക്കുമോ ; ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (എഫ്) അംഗീകരിച്ച അലൈൻമെന്റ് പ്രകാരമുള്ള ഡി.പി.ആർ തയ്യാറാക്കിയതിനു ശേഷം മാത്രമേ കിഫ്ബിയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ